"ഭരണഭാഷ മാതൃഭാഷ"

കസ്റ്റഡി

തിരുത്തൽ

നവീകരണം

പുനരധിവാസം"

കേരള പ്രിസൺസ് &

കറക്ഷണൽ സർവ്വീസസ്

**സ്പെഷ്യൽ സബ് ജയിൽ, തലശ്ശേരി**

പിൻ-670101

0490-2320570

ssj.tly.prisons@kerala.gov.in

www.keralaprisons.gov.in

തീയതി: 10-02-2025

വിഷയം : സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി- 2025-26 വർഷത്തെ ആവശ്യത്തിനുള്ള പാചകവാതകം (ഡൊമസ്റ്റിക് പർപ്പസിലുള്ളത് ) വിതരണം ചെയ്യുന്നത് സംബന്ധിച്ച്

സൂചന : ബഹു.ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അവർകളുടെ 31.12..24 തിയ്യതിയിലെ P5-37116/2024/PrHQ എന്ന ഉത്തരവ്

പുനർ ദർഘാസ് പരസ്യം

തലശ്ശേരി സ്പെഷ്യൽ സബ് ജയിലിലെ അന്തേവാസികൾക്കും ജീവനക്കാർക്കും ഭക്ഷണ സാധനങ്ങൾ പാചകം ചെയ്യുന്നതിനുള്ള പാചകവാതകം ( ഡൊമസ്റ്റിക് പർപ്പസിലുള്ളത് ) 2025-26 വർഷത്തിൽ വിതരണം ചെയ്യാൻ താൽപര്യമുള്ള അംഗീകൃത കമ്പനി ഡീലർമാരിൽ നിന്നും മുദ്ര വെച്ച ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. 14.2 കിലോഗ്രാം തൂക്കമുള്ള ഡൊമസ്റ്റിക് പർപ്പസിലുള്ള ഗ്യാസ് സിലിണ്ടറിന് സർക്കാർ കാലാ കാലങ്ങളിൽ നിശ്ചയിക്കുന്ന വിലയിൽ നിന്നും കുറവ് വരുത്താൻ തയ്യാറാകുന്ന വിലയുടെ തോതാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. മുദ്രവെച്ച ദർഘാസ് അടങ്ങിയ കവറിന് മുകളിൽ ദർഘാസ് നമ്പറും പേരും എഴുതി സൂപ്രണ്ട് സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി, കണ്ണൂർജില്ല, പിൻ 670001 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

ദർഘാസ് നമ്പർ- D-1271/2024/SSJTLY

അടങ്കൽ തുക ( ഒരു വർഷത്തേക്ക് ) 400000 രൂപ ( ഏകദേശം 360 സിലിണ്ടർ )

ദർഘാസ് ഫോമിൻറെ വില- 600 രൂപ + 18 % GST

ഡ്യൂപ്ലിക്കറ്റ് ദർഘാസ് ഫോമിൻറെ വില 300 രൂപ + 18 % GST

ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം- സൂപ്രണ്ടാഫീസ്, സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി

ദർഘാസ് ഫോം വിതരണം തുടങ്ങുന്ന തീയ്യതി- 10.02.2025

ദർഘാസ് ഫോം വിൽക്കുന്ന അവസാന തീയ്യതിയും സമയവും- 25.02.2025 ന് വൈകുന്നേരം 3 മണി

ദർഘാസ് തുറക്കുന്ന തീയ്യതിയും സമയവും- 25.02.2025 ന് വൈകുന്നേരം 4 മണി

ഗ്യാസ് സപ്ലൈ തുടങ്ങേണ്ട തീയ്യതി- 01.04.2025 മുതൽ

ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ദർഘാസ് ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻറ് കറക്ഷണൽ സർവ്വീസസ് അവർകളുടെ അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ചു നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ തുക യാതൊരുകാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോം വി പി പി യായി അയക്കുകയോ ചെക്ക് , പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമൻറെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

നിബന്ധനകൾ

1. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ തലശ്ശേരി സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് അവർകളുടെ ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും അതിലെ വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മത പത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്.

2 ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി അടങ്കൽ തുകയുടെ ഒരു ശതമാനം അടക്കേണ്ടതാണ്. നിരദ്രവ്യം അടച്ചാൽ മാത്രമെ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളു. പ്രസ്തുത ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരിച്ച് നൽകുന്നതാണ്. നിരതദ്രവ്യം ദേശസൽകൃത ബേങ്കിൽ നിന്നും ഡിമാൻറ് ഡ്രാഫ്റ്റായി സൂപ്രണ്ട് സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി എന്ന പേരിൽ എടുത്ത് ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്.

3. ഏറ്റവും കൂടുതൽ തുകക്ക് ടെണ്ടർ വിളിച്ച വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തീയ്യതി മുതൽ 30 ദിവസത്തിനകം ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻറ് കറക്ഷണൽ സർവ്വീസസ് അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്. 4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമെ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം അധികാരപ്പെടുത്ത അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൻ നിക്ഷിപ്തമായിരിക്കും. 5. ടെണ്ടർ നടത്തിപ്പ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

6. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ പ്രകാരമുള്ള ടെണ്ടർ വാഗ്ദത്തം ചെയ്തിട്ടുള്ള സ്ഥാപനം 200 രൂപയുടെ മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പ് വെക്കേണ്ടതും ടെണ്ടർ അംഗീകരിച്ചതിനുശേഷം വീണ്ടും 200 രൂപയുടെ മറ്റൊരു മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വെക്കേണ്ടതാണ്. ഇതിന് തയ്യാറാകാതിരുന്നാൽ അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്. പുനർടെണ്ടർ നടത്തുന്നത് മൂലം സർക്കാരിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതാണ്.

7. ടെണ്ടർ പ്രകാരമുള്ള പാചകവാതകം വിതരണം ചെയ്ത ബില്ല് സമർപ്പിക്കുന്ന മുറക്ക് ബില്ലിൽ രേഖപ്പെടുത്തിയ തുക ട്രഷറി മുഖേന സ്ഥാപനത്തിൻറെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

8 . ജി എസ് ടി രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുത്താൽ മതിയാകും.

9. ജയിലിൽ നിന്നും ആവശ്യപ്പെടുന്ന എണ്ണത്തിൽ മുടക്കം കൂടാതെ സിലിണ്ടർ ജയിലിൽ എത്തിക്കേണ്ടതാണ്.

10 സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്.

Sajeesh P V

S SSJTLY KPCS